# കേരളസർക്കാർ
## ഫിഷറീസ് വകുപ്പ്
## സൊസൈറ്റിഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)

അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് , ഫിഷറീസ് ട്രെയിനിംഗ് സെന്റർ, യു സി കോളേജ് പി.ഒ കിഴക്കെ കടുങ്ങല്ലൂർ,ആലുവ 683102
ഫോൺ :0484 – 2607643, ടോൾ ഫ്രീ :1800 425 7643, വെബ്സൈറ്റ്: www.safkerala.org, ഇ മെയിൽ safinterview2026@gmail.com

നമ്പർ: SAF/ Appointment/2180/2026 തീയതി: 18/09/26

### *കരാർ നിയമനം*

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനവും ശാക്തീകരണവും ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്). സാഫ് നടപ്പിലാക്കി വരുന്ന വിവിധ ജീവനോപാധി പദ്ധതികളിലേക്ക് കരാർ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തസ്തികകളിലേക്ക് ഒരു വർഷത്തേക്ക് താൽക്കാലിക നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് യോഗ്യതയും പരിചയവും തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സാഫിന്റെ ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

| തസ്തിക | ഒഴിവുകളുടെ എണ്ണം | യോഗ്യത | പ്രായം | ശമ്പളം (കൺസോളിഡേറ്റ്) |
|---|---|---|---|---|
| മിഷൻ കോ – ഓർഡിനേറ്റർ | 36 | 1. MSW/ MBA/ PG with one year experience in Livelihood project<br>2. കമ്പ്യൂട്ടർ പരിജ്ഞാനം<br>3. ഡ്രൈവിംഗ് ലൈസൻസ് നിർബന്ധം | 50 വയസ്സ് കവിയരുത് SC/ST/OBC വിഭാഗങ്ങൾക്ക് നിയമാനുസൃതമായ ഇളവ് അനുവദിക്കുന്നതാണ്. | പ്രതിമാസം 30000 + TA |

**തസ്തികയും ജോലിയുടെ സ്വഭാവവും**

1. **മിഷൻ കോ – ഓർഡിനേറ്റർ**

സാഫ് നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ മൊബിലൈസേഷൻ/ ബിസിനസ്സ് വിപുകലീകരണം എന്നീ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ജില്ലയിൽ വ്യാപകമായി സഞ്ചരിക്കേണ്ടതും സെൻസിറ്റൈസേഷൻ മോട്ടിവേഷൻ ട്രെയ്നിംഗ്, പദ്ധതി തയ്യാറാക്കൽ, പദ്ധതി നിർവ്വഹണം, പഞ്ചായത്ത് തലത്തിലുള്ള തീരമൈത്രി മാനേജ്മെൻറ് കൗൺസിലുകളുടെ പ്രവർത്തനം, നോഡൽ ഓഫീസകളുടെയും സംരംഭകരുടേയും ഫയലുകൾ കണക്ക് എഴുതി സൂക്ഷിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ. കൂടാതെ ഗ്രൂപ്പുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കൽ, മീറ്റിങ്ങുകൾ നടത്തൽ, തർക്ക പരിഹാരം, പദ്ധതിയുമായി ബന്ധപ്പെട്ട് സമായാസമയങ്ങളിൽ സാഫ് എക്സിക്യൂട്ടീവ് ഡയറക്ടറും, സാഫ് ജില്ലാ നോഡൽ ഓഫീസറും നിർദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. മിഷൻ കോർഡിനേറ്റർ ദൈനംദിന പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സാഫ് ഗ്രൂപ്പുകളുടെ ബിസിനസ്സ് വിപുകലീകരിക്കുന്നതിന് സമയോചിതമായ ഇടപെടൽ നടത്തേണ്ടതാണ്. ബിസിനസ്സ് വിപുലീകരിക്കുന്നതിനായി സാഫ് രൂപീകരിച്ചിട്ടുള്ള കാറ്റഗറി ഫെഡറേഷനു കളുമായി ചർച്ച ചെയ്ത് ഓരോ വിഭാഗത്തിന്റെയും ഗ്രൂപ്പുകൾക്ക് വേണ്ടിയുള്ള ബിസിനസ്സ് പ്ലാൻ തയ്യാറാക്കി ആയത് സാഫ് അധികാരികളുടെ അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതാണ്. കൂടാതെ ഗ്രൂപ്പുകളുടെ വിപണി വർദ്ധിപ്പിക്കുന്നതിന് മേളകൾ സംഘടിപ്പിക്കുക, പൊതുസ്വകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടലുകൾ തുടങ്ങിയ എല്ലാ ബിസിനസ്സ് വിപുലീകരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ട ചുമതലയും ഉണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ ഗ്രൂപ്പുകളുടെ ബിസിനസ്സിൽ വർദ്ധനവ് ഉണ്ടാക്കേണ്ടതാണ്.

വിശ്വാസ്തതയോടെ

സാഫ്
തീയതി..............

ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്
&
എക്സിക്യൂട്ടീവ് ഡയറക്ടർ ,സാഫ്